**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 608** **05-10-2021 - ൽ മറുപടിയ്ക്ക്**

**കയർ കോർപ്പറേഷനിലെ നിയമനങ്ങൾക്ക് സ്പെഷ്യൽ റൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കയർ കോർപ്പറേഷനിലെ നിയമനങ്ങൾക്കായി സ്പെഷ്യൽ റൂൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ സ്പെഷ്യൽ റൂൾസിന് സമാനമായ സർവ്വീസ് റൂൾ നിലവിലുണ്ട്. കമ്പനിയിലെ വിവിധ തസ്തികകളെ സംബന്ധിച്ചും അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റൂൾസ് അനുസരിച്ച് 2002 മുതൽ 14 തസ്തികകളിലെ നിയമനം പി.എസ്.സി മുഖേനയാണ് നടത്തിവരുന്നത്. മേൽ പരാമർശിച്ച റൂൾസിൽ കാലോചിതമായ പരിഷ്കരണം ആവശ്യമാണെന്ന് ബോധ്യമായതിനെ തുടർന്ന്, നിലവിലെ സാഹചര്യങ്ങൾക്കനുസരിച്ച് പുതിയ സ്പെഷ്യൽ റൂൾസിന്റെ കരട് തയ്യാറാക്കുകയും, ആയത് ഡയറക്ടർ ബോർഡ് അംഗീകാരത്തോടുകൂടി യൂണിയനുകളുമായി ചർച്ച ചെയ്ത് സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ കയർ കോർപ്പറേഷൻ സ്വീകരിച്ചുവരികയുമാണ്. |
| (ബി) | സ്പെഷ്യൽ റൂൾ തയ്യാറാകാത്തതിനാൽ കമ്പനിയിൽ അനധികൃത നിയമനങ്ങൾ നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര തുടർ നടപടി സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ